**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3287** **13-07-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജി.ടി.എച്ച്.എസ്. കുറിച്ചിക്കായി സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഗവ. ടെക്നിക്കൽ എച്ച്.എസ്. കുറിച്ചി-ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോട്ടയം ജില്ലയിലെ കുറിച്ചി വില്ലേജിൽ കുറിച്ചി ടെക്നിക്കൽ ഹൈസ്കൂളിനു വേണ്ടി 3.43 ഏക്കർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 07-04-2022 ലെ സ.ഉ.(സാ.ധാ) നമ്പർ 1616/2022/റവ ഉത്തരവ് പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥല പരിശോധനയിൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 2-ൽ റീസർവ്വെ നമ്പർ 46/1-ൽ ഉൾപ്പെട്ട 66.40 ആർ ഭൂമി ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടു വരുന്ന നിലമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് Kerala Conversion of Paddy Land and Wet Land Act പ്രകാരം പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് അതായത് കുറിച്ചി ടെക്നിക്കൽ ഹൈസ്കൂളിനു വേണ്ടി പരിവർത്തനപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ജില്ലാ കളക്ടർ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്ടിൽ നിഷ്കർഷിച്ചിരുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ വിജ്ഞാപനം, പ്രഖ്യാപനം, ആവാർഡ് എന്നിവ പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | കാലതാമസം ഒഴിവാക്കി സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോട്ടയം ജില്ലയിലെ കുറിച്ചി വില്ലേജിൽ കുറിച്ചി ടെക്നിക്കൽ ഹൈസ്കൂളിനു വേണ്ടി 3.43 ഏക്കർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 07-04-2022 ലെ സ.ഉ.(സാ.ധാ) നമ്പർ 1616/2022/റവ ഉത്തരവ് പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥല പരിശോധനയിൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 2-ൽ റീസർവ്വെ നമ്പർ 46/1-ൽ ഉൾപ്പെട്ട 66.40 ആർ ഭൂമി ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടു വരുന്ന നിലമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് Kerala Conversion of Paddy Land and Wet Land |

| | | | |
|---|---|---|---|
| | | | Act പ്രകാരം പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് അതായത് കുറിച്ചി ടെക്നിക്കൽ ഹൈസ്കൂളിനു വേണ്ടി പരിവർത്തനപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ജില്ലാ കളക്ടർ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റിൽ നിഷ്കർഷിച്ചിരുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ വിജ്ഞാപനം, പ്രഖ്യാപനം, ആവാർഡ് എന്നിവ പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ